പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2211 11/06/2018-ൽ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്**

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ.ഡി.കെ. മുരളി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദിച്ചിട്ടുണ്ടോ,വ്യക്തമാക്കുമോ ;<br>(ബി) സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് നിലവിലെ നിയമം എന്താണെന്ന് വിശദമാക്കാമോ; | (എ) & (ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സർക്കാർ ഉത്തരവ് പ്രകാരം കർശനമായി നിരോധിച്ചിട്ടുണ്ട്. 01.10.2009 - ലെ സ.ഉ(പി) 345/2009/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം 1960 - ലെ കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഇക്കാര്യമുൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുമുണ്ട്. |
| സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത നിയമം ലംഘിച്ചവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) നിയമം ലംഘിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ പരിശോധന നടത്തി സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ഡോക്ടർമാർക്കെതിരെ കേരളാ സിവിൽ സർവീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, 1960 - ലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ